അവലോകനം

●

എം.സി.എ നാസർ

# കോൺഗ്രസ്-തൃണമൂൽ-ബി.എസ്.പി ജയഭേരി; സി.പി.എം-സമാജ്‌വാദി ദുരന്തവും

**കേരളത്തിലെ** മൂന്ന് ഉൾപ്പെടെ ഏഴ് സംസ്ഥാനങ്ങളിലെ 31 നിയമസഭാ മണ്ഡലങ്ങളിലേക്കായിരുന്നു ഈ മാസം ഏഴിന് ഉപതെരഞ്ഞെടുപ്പ് നടന്നത്. ഒപ്പം യു.പിയിലെ ഫിറോസാബാദ് ലോക്സഭാ മണ്ഡലത്തിലേക്കും.

ഇലക്ഷൻ ഫലത്തിന്റെ ശിഷ്ടം ഇങ്ങനെ സംഗ്രഹിക്കാം: ഒന്ന്-കോൺഗ്രസ്, തൃണമൂൽ കോൺഗ്രസ്, ബി.എസ്.പി പാർട്ടികൾക്ക് ജനപിന്തുണയുടെ ഗുണഫലം ഉറപ്പാക്കാനായി. രണ്ട്- സി.പി.എം ഉൾപ്പെടുന്ന ഇടതു പാർട്ടികളും മുലായം സിംഗിന്റെ സമാജ്‌വാദി പാർട്ടിയും കടുത്ത പ്രതിസന്ധിയിലേക്കാണ് തെന്നിമാറുന്നത്. മൂന്ന്-ബി.ജെ.പിയുടെ ശൈഥില്യം കൂടുതൽ തീവ്രമായി തുടരും.

സാധാരണഗതിയിൽ ഉപതെരഞ്ഞെടുപ്പ് അത്ര ഗൗരവത്തിൽ കാണേണ്ട ഒന്നല്ല. ദേശീയ പാർട്ടികളുടെ ഗതിവിഗതികളെ അത് കാര്യമായി സ്വാധീനിക്കാനും പോകുന്നില്ല. എന്നാൽ അരക്ഷിതാവസ്ഥ നിറഞ്ഞതും ശിഥിലവുമായ രാഷ്ട്രീയ സാഹചര്യം വേട്ടയാടുമ്പോൾ സംസ്ഥാ

**ഇലക്ഷൻ ഫലത്തിന്റെ ശിഷ്ടം ഇങ്ങനെ സംഗ്രഹിക്കാം: ഒന്ന്-കോൺഗ്രസ്, തൃണമൂൽ കോൺഗ്രസ്, ബി.എസ്.പി പാർട്ടികൾക്ക് ജനപിന്തുണയുടെ ഗുണഫലം ഉറപ്പാക്കാനായി. രണ്ട്- സി.പി.എം ഉൾപ്പെടുന്ന ഇടതു പാർട്ടികളും മുലായം സിംഗിന്റെ സമാജ്‌വാദി പാർട്ടിയും കടുത്ത പ്രതിസന്ധിയിലേക്കാണ് തെന്നിമാറുന്നത്. മൂന്ന്-ബി.ജെ.പിയുടെ ശൈഥില്യം കൂടുതൽ തീവ്രമായി തുടരും.**

നകേന്ദ്രീകൃത പാർട്ടികൾക്കു മാത്രമല്ല ദേശീയ കക്ഷികൾക്കും ജനവിധി നെഞ്ചിടിപ്പിന്റെ ആക്കം കൂട്ടുകയാണ്. പുതിയ തന്ത്രങ്ങൾക്കും സഖ്യങ്ങൾക്കും ഇതവരെ പ്രേരിപ്പിക്കും.

## ഇടതിനെ കൈവിടുന്ന കേരളം

കേരളം, പശ്ചിമ ബംഗാൾ വിധിയെഴുത്തിൽ അഞ്ചു മാസം മുമ്പുള്ളതിൽ നിന്ന് കാര്യമായ മാറ്റമൊന്നും ഉണ്ടായില്ല. രണ്ടിടങ്ങളിലുമായി പത്തിടങ്ങളിൽ സി.പി.എം മത്സരിച്ചു. എല്ലായിടത്തും തോറ്റു. ചിലയിടങ്ങളിൽ തകർച്ച ദയനീയമാണ്. ആളും അർഥവും പ്രചാരണ പ്രവർത്തനങ്ങളും കുറഞ്ഞതല്ല പ്രശ്നം. സ്ഥാനാർഥികൾ പലരും മികച്ചവരായിരുന്നു. എന്നിട്ടും എന്തുകൊണ്ട് ജനങ്ങൾ കൈവിടുന്നു? - ഈ ചോദ്യമാണ് സി.പി.എമ്മിൽ ഉയരേണ്ടത്.

കേരളത്തിന്റെ കാര്യം തന്നെ നോക്കുക. കണ്ണൂർ, ആലപ്പുഴ, എറണാകുളം മണ്ഡലങ്ങളിൽ ചിട്ടയായ പ്രവർത്തനങ്ങളാണ് ഇടതു പാർട്ടികൾ നടത്തിയത്. വിഭാഗീയതക്ക് ഇത്തവണ ഭാഗികമായെങ്കിലും അവധി നൽകാനായി. കണ്ണൂർ ഗാംഗിന്റെ ഭാഗമായ ജയരാജനു വേണ്ടി മുഖ്യമന്ത്രി വി.എസ് ആവേശപൂർവം രംഗത്തിറങ്ങി. രാഷ്ട്രീയ സന്തുലിതത്വം ഉറപ്പാക്കാൻ വഴിവിട്ട രീതിയിലാണെങ്കിൽ കൂടി തങ്ങളുടെ താൽപര്യത്തിനു ചേരുംവിധം വോട്ടർ പട്ടിക തയാറാക്കി. എന്നിട്ടും 12,043 വോട്ടിന് പഴയ സഖാവ് എ.പി അബ്ദുല്ലക്കുട്ടി കോൺഗ്രസ് ടിക്കറ്റിൽ ജയിച്ചു കയറി. ഈ തിരിച്ചടിക്ക് സി.പി.എം എന്തു ന്യായീകരണം പറയും? എറണാകുളത്ത് ഡൊമിനിക് പ്രസന്റേഷനും(ഭൂരിപക്ഷം 8,620), ആലപ്പുഴയിൽ എ.എ ശുക്കൂറും( ഭൂരിപക്ഷം 4,745) ജയം ഉറപ്പാക്കുമ്പോൾ സ്ഥിരം പ്രതികരണ വാക്യങ്ങൾ കൊണ്ടൊന്നും തങ്ങളുടെ വീഴ്ചക്ക് മറയിടാൻ ഇടതു പാർട്ടികൾക്കാവില്ല.

അധികാര പ്രമത്തതയുടെയും അതിന്റെ ഭാഗമായ അഹന്തയുടെയും ശരീരഭാഷയാണ് ദൃശ്യമാധ്യമങ്ങളിലൂടെ സി.പി.എം നിത്യേന ജനങ്ങൾക്ക് നൽകി വരുന്നത്. ജനങ്ങളുടെ ദുരിതവർത്തമാനങ്ങളിൽ വേരുകളാഴ്ത്തി നിന്ന ഇടതു പാർട്ടികൾ തങ്ങളെ വഞ്ചിച്ചുവെന്ന തോന്നൽ സാധാരണ ജനങ്ങൾക്കുണ്ട്. വി.എസ് അച്യുതാനന്ദന്റെ നേതൃത്വത്തിലുള്ള ഒരു മുന്നണിയെ വൻഭൂരിപക്ഷം നൽകി തെരഞ്ഞെടുത്ത ജനത തന്നെയാണ് ഇന്ന് പുതിയ തിരിച്ചറിവുകളിലേക്ക് സ്വമേധയാ മാറുന്നത്. പ്രതീക്ഷകൾ തകർന്നതോടെ ഒപ്പം നിന്ന ജനവിഭാഗങ്ങളും സമുദായ സംഘടനകളും ഇടതിനെ കൈവിട്ടു. കോൺഗ്രസ് മികച്ച ബദൽ അല്ലെന്നറിഞ്ഞു കൊണ്ടു തന്നെയാണ് തങ്ങളുടെ ഉള്ളിലെ ഇടതു വിരോധം മൂന്നിടങ്ങളിലും അവർ പ്രകടിപ്പിച്ചത്. താഴേക്കിടയിലുള്ളവരുടെ സ്പന്ദനങ്ങൾ തിരിച്ചറിയാൻ ശാസ്ത്രീയ സംവിധാനം വരെ തങ്ങൾക്കുണ്ടെന്നു പറയുന്ന സി.പി.എം കണ്ണൂരിന്റെയും മറ്റും മനസ്

വായിക്കുന്നതിൽ അടിക്കടി പരാജയപ്പെടുന്നത് എന്തുകൊണ്ടാണ്? ന്യൂനപക്ഷ വിഭാഗങ്ങളുടെയും ദലിത്-പിന്നാക്കാദി വിഭാഗങ്ങളുടെയും അകൽച്ച യാഥാർഥ്യമാണെന്നിരിക്കെ, ആ മേഖലയിലും വേണ്ടതല്ലേ ചില സി.പി.എം ഗൃഹപാഠങ്ങൾ?

## ബി.ജെ.പി വോട്ടുകളും ന്യൂനപക്ഷ വിധിയെഴുത്തും

കേരളത്തിൽ വോട്ട് വിൽപനയുടെ പാപക്കറ പേറുന്ന ബി.ജെ.പി ഇത്തവണ തന്ത്രം മാറ്റിയതായി കാണാം. എറണാകുളത്ത് ശോഭാ സുരേന്ദ്രൻ 7208 വോട്ട് നേടി. 2006ൽ ഇത് 4902 മാത്രമായിരുന്നു. പക്ഷേ, എത്ര ശ്രമിച്ചിട്ടും ഗണ്യമായ ഒരു വോട്ടുവർധനയിലേക്ക് ബി.ജെ.പി എത്തുന്നില്ല. മുന്നണി സംവിധാനത്തിന്റെ പ്രശ്നം മാത്രമല്ലിത്. വെറുപ്പിന്റെ തത്ത്വശാസ്ത്രത്തിൽ ജന്മംകൊണ്ട ഒരു പാർട്ടിയുടെ ജനിതക വൈകല്യം തന്നെയാണ് പൊതുസമൂഹത്തിൽ നിന്ന് ആ പാർട്ടിയെ അകറ്റിനിർത്തുന്നത്.

ന്യൂനപക്ഷ രാഷ്ട്രീയത്തിന്റെ നവപരീക്ഷണങ്ങൾ അരങ്ങേറിയ ഉപതെരഞ്ഞെടുപ്പ് കൂടിയായിരുന്നു ഇത്. ലോക്സഭാ തെരഞ്ഞെടുപ്പിൽ അലസിപ്പിരിഞ്ഞ ഇടതു-പി.ഡി.പി പ്രണയത്തിനു ശേഷം ആലപ്പുഴയിൽ ഒറ്റക്കു മത്സരിക്കാനുറച്ച പി.ഡി.പി പ്രതീക്ഷകൾ വാനോളമായിരുന്നു. മഅ്ദനി നേരിട്ടു തന്നെ പടനയിച്ചു. അഡ്വ. കെ.എ ഹസൻ എന്ന ശക്തനായ സ്ഥാനാർഥി. ആലപ്പുഴ പാർട്ടിയുടെ ശക്തികേന്ദ്രം. പക്ഷേ, വൈകാരിക വിക്ഷോഭങ്ങളും താൽക്കാലിക പ്രതികാരദാഹവും മാത്രം പോര ജനവിധി അനുകൂലമാക്കാനെന്ന വലിയ പാഠമാണ് പി.ഡി.പിക്ക് ആലപ്പുഴയുടെ മണ്ണ് പകർന്നു നൽകിയത്. ഹസന് ആകെക്കൂടി ലഭിച്ചത് 1804 വോട്ടുകൾ മാത്രം. പ്രതീക്ഷിച്ചതിന്റെ നാലിലൊന്നു പോലും കിട്ടിയില്ലെന്ന് നേതാക്കൾ അടക്കം പറയുന്നു.

സോഷ്യലിസ്റ്റ് ഡമോക്രാറ്റിക് പാർട്ടി ഓഫ് ഇന്ത്യ(എസ്.ഡി.പി.ഐ) കണ്ണൂർ ഉപതെരഞ്ഞെടുപ്പിൽ അരങ്ങേറ്റം കുറിച്ചു. ലോക്സഭാ തെരഞ്ഞെടുപ്പിൽ പോപ്പുലർ ഫ്രന്റ് പിന്തുണ ഐക്യമുന്നണിക്ക് അപ്പാടെ പതിച്ചു നൽകുകയായിരുന്നു. കണ്ണൂരിൽ അബ്ദുൽ മജീദ് ഫൈസിയെ രംഗത്തിറക്കി, ചിട്ടയായ പ്രവർത്തനം നടത്തിയ സംഘടനക്ക് ബി.ജെ.പിയേക്കാൾ വോട്ടുറപ്പിക്കണം എന്ന ലക്ഷ്യമുണ്ടായിരുന്നു. വോട്ടെണ്ണിയപ്പോൾ ബി.ജെ.പി 5665, എസ്.ഡി.പി.ഐ 3411.

അവകാശവാദങ്ങൾക്കപ്പുറം തങ്ങളുടെ പരിമിതി കൂടി തിരിച്ചറിയാൻ ആലപ്പുഴയിൽ പി.ഡി.പിക്കും കണ്ണൂരിൽ എസ്.ഡി.പി.ഐക്കും ഉപതെരഞ്ഞെടുപ്പു ഫലം സഹായകമായിരിക്കണം. ന്യൂനപക്ഷ രാഷ്ട്രീയം നേരിടുന്ന ഈ ധർമസങ്കടം തിരിച്ചറിയുന്നു എന്നതു തന്നെയാണ് മുസ്‌ലിം ലീഗിന്റെ നേട്ടം. യു.ഡി.എഫുമായി കൂടുതൽ അടുത്ത് തങ്ങളുടെ നില ഭദ്രമാക്കാൻ പാർട്ടി യത്നിക്കുന്നതിന്റെ കാരണവും മറ്റൊന്നാകാനിടയില്ല. പൊതുസമൂഹത്തിന്റെ പിന്തുണ ലഭിക്കാതെ നവാഗത ന്യൂനപക്ഷ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് ജനായത്ത പ്രക്രിയയിൽ കാര്യമായ നേട്ടമൊന്നും ആർജിക്കാൻ കഴിയില്ലെന്നു കൂടി ഉപതെരഞ്ഞെടുപ്പ് തെളിയിക്കുന്നു.

ആലപ്പുഴയിൽ ഗണ്യമായി വോട്ടു കുറഞ്ഞത് കോൺഗ്രസിനുള്ള മുന്നറിയിപ്പാണ്. ഭരണവിരുദ്ധ വികാരം ഉൾപ്പെടെ അനുകൂല ഘടകങ്ങൾ പലതുണ്ടായിട്ടും യു.ഡി.എഫിന്റെ വോട്ട് ഗണ്യമായി ചോർന്നു. സാമുദായിക ധ്രുവീകരണം വലിയ അളവിൽ ആലപ്പുഴയിൽ സംഭവിച്ചതായി രമേശ് ചെന്നിത്തല പറയുമ്പോൾ ശുക്കൂർ ജയിച്ചു കയറിയതു തന്നെ വലിയ ഭാഗ്യമാണെന്ന പരോക്ഷ സമ്മതം കൂടി അതി



● *അബ്ദുല്ലക്കുട്ടി*



● *ഡൊമിനിക് പ്രസന്റേഷൻ*



● *എ.എ ശുക്കൂർ*

ലുണ്ട്. ആലപ്പുഴയിൽ ചെന്നിത്തലയുടെ ഇഷ്ടക്കാരായ എൻ.എസ്.എസ് ഇറങ്ങി കളിക്കുമെന്ന് ആദ്യമേ ഉറപ്പായിരുന്നല്ലോ.

## പശ്ചിമ ബംഗാളിൽ ഇടതു പടിയിറക്കം

പശ്ചിമ ബംഗാൾ ജനത 32 വർഷങ്ങൾക്കു ശേഷം ന്യായമായും ഒരു രാഷ്ട്രീയ മാറ്റം പ്രതീക്ഷിക്കുന്നു എന്നതിനാണ് ഉപതെരഞ്ഞെടുപ്പു ഫലം അടിവരയിടുന്നത്. ലോക്സഭാ തെരഞ്ഞെടുപ്പിൽ ഇത് പ്രകടവുമായിരുന്നു. പിന്നിട്ട അഞ്ച് മാസങ്ങളിൽ വിരുദ്ധ വികാരം കൂടുതൽ തീവ്രത പ്രാപിക്കുന്നതാണ് കാണുന്നത്; കൊണ്ടേ പോകൂ എന്ന ശക്തമായ ഓർമപ്പെടുത്തൽ.

സുഭാഷ് ചക്രവർത്തിയെ പോലുള്ള സമുന്നത നേതാവിനെ ഉയർന്ന ഭൂരിപക്ഷത്തിന് തെരഞ്ഞെടുത്തയച്ച ബെൽഗാച്ചിയയിൽ 28,360 വോട്ടുകളുടെ ഭൂരിപക്ഷത്തിന് തൃണമുൽ കോൺഗ്രസിന്റെ സുജിത് ബോസ് ജയിക്കുമ്പോൾ പശ്ചിമ ബംഗാളിലെ ഇടതിന്റെ തകർച്ച പൂർണമാവുകയാണ്. ബൊഗോൺ മണ്ഡലത്തിൽ സി.പി.എമ്മിനെ തൃണമുൽ കോൺഗ്രസ് തറപറ്റിച്ചത് 44,348 വോട്ടിന്റെ ഭൂരിപക്ഷം നേടിയാണ്. വടക്കൻ ബംഗാളിലെ സി.പി.എം തട്ടകമായ രാജ്ഗഞ്ച് സീറ്റിൽ മുൻകുറി 49,472 വോട്ടുകൾക്ക് സി.പി.എം ജയിച്ചുവെങ്കിൽ ഇത്തവണ തൃണമുൽ വിജയം 15,029 വോട്ടിന്. 2006ൽ നിന്ന് 2009 ലേക്ക് എത്തുമ്പോൾ പശ്ചിമ ബംഗാളിന്റെ രാഷ്ട്രീയ ധമനികളിൽ നിന്ന് ഇടതു പാർട്ടികൾ ബഹുദൂരം അകന്നു കഴിഞ്ഞുവെന്ന ഞെട്ടിക്കുന്ന അനുഭവ പാഠമാണ് ജനവിധിയിൽ നിഴലിടുന്നത്.

ലോക്സഭാ തെരഞ്ഞെടുപ്പിൽ ഇടതു നഗരങ്ങളും ഗ്രാമങ്ങളും കടപുഴകിയതു നാം കണ്ടു. ബംഗാളിന്റെ മനസറിഞ്ഞു കൊണ്ട് മമത കളിച്ചു. കേന്ദ്രസേനയെ പിൻവലിക്കണമെന്നും ലാൽഗഢിൽ സി.പി.എം ഗുണ്ടകളെ അമർച്ച ചെയ്യണമെന്നും മമത പറഞ്ഞപ്പോൾ സംസ്ഥാനത്തുടനീളം അതിന് അനുകൂല പ്രതികരണമുണ്ടായി.

മാവോവേട്ടക്കുള്ള മുന്നൊരുക്കത്തിലായിരുന്നു അപ്പോൾ കേന്ദ്ര സർക്കാർ. ചിദംബരവുമായി ഒരു മാസത്തിനുള്ളിൽ രണ്ട് തവണ ബുദ്ധദേവ് ഭട്ടാചാര്യ കൂടിക്കാഴ്ച നടത്തി. മാവോവാദികളെ സഹായിക്കുന്നത് മമതയാണെന്ന് സി.പി.എം കുറ്റപ്പെടുത്തൽ. കേന്ദ്രത്തിന്റെ ഓപറേഷന് പാര മമതയാണെന്ന ആരോപണം. എല്ലാം

പക്ഷേ, ഗുണത്തേക്കാളേറെ ദോഷം ചെയ്തു. സി.പി.എമ്മും മാവോവാദികളും ഒരേ നാണയം തന്നെയാണെന്നായി മമത. ലാൽഗഢിന്റെ സന്ദേശത്തിന് കൂടുതൽ വ്യാപ്തി കൈവരികയായിരുന്നു. എഴുത്തുകാരും ബുദ്ധിജീവികളും ഇടതുപക്ഷത്തിൽ നിന്ന് അകന്നതും മറ്റൊരു പ്രഹരമായി.

അപ്പോഴേക്കും വിഭാഗീയ പ്രവണതകളും പാർട്ടിയിൽ തലപൊക്കി. കാലിക യാഥാർഥ്യങ്ങൾ പലതും പാർട്ടിക്ക് ബോധ്യമായില്ല. പശ്ചിമ ബംഗാളിൽ സ്കൂൾ കുട്ടികളുടെ കൊഴിഞ്ഞുപോക്കിന്റെ നിരക്ക് 78.03 ശതമാനം ആണെന്ന ഞെട്ടിക്കുന്ന റിപ്പോർട്ട് പുറത്തു വന്നു. സർക്കാറിന് അതൊന്നും പ്രശ്നമായില്ല. നിഷേധ സംസ്കാരം പാർട്ടിയെ അത്രയേറെ ദുഷിപ്പിച്ചു കഴിഞ്ഞിരുന്നു.

ശരിയാണ്, മമതയുടെ തൃണമുൽ പശ്ചിമ ബംഗാൾ നേരിടുന്ന സമസ്യകൾക്കൊന്നും യഥാർഥ പ്രതിവിധിയല്ല. ദിശാബോധമില്ലാത്ത ഒരു നേതാവാണ് മമത. കാവി സഖ്യത്തോടു പോലും എളുപ്പം രാജിയാകുന്ന ചഞ്ചലമനസ്. പക്ഷേ, ഒരു മാറ്റം വേണമെങ്കിൽ ബംഗാളികൾക്കു മുമ്പാകെ തൽക്കാലം മറ്റൊരു ബദലില്ല. ഗൂർഖാ സ്റ്റേറ്റിനു വേണ്ടി വാദിക്കുന്ന ഗൂർഖാ ജനമുക്തി മോർച്ച(ജി.ജെ.എം) കൽചീനി മണ്ഡത്തിൽ ജയിച്ചതും മാറുന്ന സമവാക്യങ്ങളുടെ മറ്റൊരു ചൂണ്ടുപലക തന്നെ.

## ഉത്തർപ്രദേശ് നൽകുന്ന പാഠങ്ങൾ

ആ നിലക്ക് ഉത്തർപ്രദേശിലെ വോട്ടർമാർ ഭാഗ്യവാന്മാരാണ്. അവർക്ക് തെരഞ്ഞെടുക്കാൻ എമ്പാടും ബദലുകളുണ്ട്. അതുകൊണ്ടാണല്ലോ അഞ്ചു മാസം മുമ്പുള്ള വിധിയെഴുത്തിനെ അപ്പാടെ മായ്ച്ചു കൊണ്ട് പുതിയ സമവാക്യങ്ങൾ രചിക്കാൻ അവർ തയാറായത്. ഉപതെരഞ്ഞെടുപ്പു നടന്ന 11 നിയമസഭാ മണ്ഡലങ്ങളിൽ ഒമ്പതിലും മായാവതിയുടെ ബി.എസ്.പിയെ ജനം പിന്തുണച്ചു. ഫിറോസാബാദ് ലോക്സഭാ മണ്ഡലം കുറെ കാലമായി സമാജ്വാദിയുടെ കുത്തകയായിരുന്നു. മുലായമിൻെറ മകൻ അഖിലേഷ് യാദവ് ഒഴിഞ്ഞതിനെ തുടർന്ന് മരുമകൾ ഡിംപിളിനെ രംഗത്തിറക്കി. നടനും മുലായമിൻെറ മുൻ കൂട്ടാളിയുമായ രാജ് ബബ്ബാർ കോൺഗ്രസ് ടിക്കറ്റിൽ ജയിച്ചത് 85,043 വോട്ടുകളുടെ ഭൂരിപക്ഷത്തിന്. കോൺഗ്രസ് അനുഭാവ നിലപാടും സ്ഥാനാർഥിയുടെ മികവും രാഹുൽ പ്രഭാവവും പാർട്ടിക്ക് തുണയായിട്ടുണ്ട്. മുസ്ലിം ഭൂരിപക്ഷമുള്ള ലഖ്നോ വെസ്റ്റ് മണ്ഡലത്തിലെ വിജയവും കോൺഗ്രസ്സിന് പ്രതീക്ഷ നൽകുന്നു. എന്നാൽ മറ്റു പത്തിടങ്ങളിൽ സ്വാധീനം നേടാനായില്ലെന്നത് പാർട്ടി നേരിടുന്ന പരിമിതിയാണ്.

യു.പിയിൽ മുസ്ലിം വോട്ടുകൾ കോൺഗ്രസിലേക്കും ബി.എസ്.പിയിലേക്കും കൃത്യമായി വഴിമാറുകയാണ്. സമാജ്വാദി പാർട്ടിയോടുള്ള മുസ്ലിം താൽപര്യം ഏറക്കുറെ കെട്ടടങ്ങിയിരിക്കുന്നു. സമാജ്വാദിയുടെ മുൻ നേതാവും രാംപൂർ എം.എൽ.എയുമായ അസം ഖാന്റെ വിലയിരുത്തൽ ശ്രദ്ധേയം:"ബാബരി മസ്ജിദ് തകർത്ത കല്യാൺ സിംഗുമായി കൈകോർത്തതിന്റെ ദുരന്തമാണിത്. മുസ്ലിംകൾ എസ്.പിയെ തീർത്തും കൈവിട്ടിരിക്കുന്നു. ഇനി മുങ്ങുന്ന കപ്പലിൽ നിന്ന് അവശേഷിച്ചവരും ഉടൻ രക്ഷപ്പെടുക തന്നെ."

യാദവ വോട്ടുകളുടെ ശക്തികേന്ദ്രമായ ഭർതാനയിലും ഇട്ടാവയിലും മുലായമിൻെറ പാർട്ടിയുടെ തോൽവി അതിദയനീയം. 2012 ൽ നടക്കാനിരിക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ ബി.എസ്.പിയും കോൺഗ്രസും തമ്മിലുള്ള ഏറ്റുമുട്ടലാണ് സോണിയയും രാഹുലും സ്വപ്നം കാണുന്നത്. ■